# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3312</u>　　　　<u>23.06.2014 ൽ മറുപടിക്ക്</u>

### ഇടുക്കിയിൽ വച്ചുനടന്ന രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടി

<u>ചോദ്യം</u>

ശ്രീ. കെ.കെ.ജയചന്ദ്രൻ

<u>മറുപടി</u>

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ഇടുക്കി ജില്ലയിൽ വച്ചു നടന്ന രണ്ടാം ഘട്ട ജനസമ്പർക്കപരിപാടിയിൽ എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കി മാറ്റുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചത്; അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | എ). എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കി മാറ്റുന്നതിനായി 3822 അപേക്ഷകൾ ലഭിച്ചു. ഇതിൽ 1222 അപേക്ഷകളിൽ നടപടി ക്രമം പൂർത്തിയായിട്ടുണ്ട്. ബാക്കിയുളള വയിൽ താലൂക്ക് സപ്ലൈ ആഫീസർമാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| ബി) എത്ര അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചു; എത്ര പേർക്ക് ബി.പി.എൽ കാർഡ് അനുവദിച്ചു നൽകി; | ബി). 3822 അപേക്ഷകൾ ലഭ്യമായതിൽ 1222 അപേക്ഷകളിൽ നടപടി സ്വീകരിച്ചു. 739 പേർക്ക് ബി.പി.എൽ കാർഡ് അനുവദിച്ചു നൽകി. |

| | |
|---|---|
| സി) ബി.പി.എൽ കാർഡ് അനുവദിച്ച വിവരം അപേക്ഷകരെ യഥാസമയം അറിയിക്കുന്നതിൽ വീഴ്ച വരുത്തി യിട്ടുണ്ടോ; ഡി) അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി അന്വേഷിക്കാൻ താലൂക്ക് ഓഫീസുകളിൽ എത്തി വ്യക്തമായ മറുപടി ലഭിക്കാതെ മടങ്ങേണ്ടിവരുന്ന കൂലിപ്പണിക്കാരായ സാധാരണക്കാർക്കും കിടപ്പുരോഗി കൾക്കും ബി.പി.എൽ കാർഡ് അനുവദിച്ച് ആ വിവരം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) + ഡി) ജനസമ്പർക്ക പരിപാടിക്കുശേഷം പുറത്തിറക്കിയ പുതിയ ഉത്തരവിലെ മാനദണ്ഡങ്ങളനുസരിച്ച് അർഹരായവർക്ക് ബി.പി.എൽ കാർഡ് അനുവദിച്ചു വരുന്നു. ഇതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Kunhikrishnan

സെക്ഷൻ ഓഫീസർ.